


# KLOO MOBILE PLATFORM

## പൊതുജനങ്ങളെയും യാത്രക്കാരെയും ബന്ധിപ്പിക്കുന്ന ശുചിത്വവും ലഭ്യതയും ഉറപ്പാക്കുന്ന പബ്ലിക് ടോയിലറ്റ് നെറ്റ് വർക്ക് പ്ലാറ്റ്ഫോം

An initiative of Suchitwa Mission

ഹോട്ടലുകൾ, റെസ്റ്റോറന്റ്കൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ നിലവിലുള്ള വൃത്തിയുള്ളതും എളുപ്പത്തിൽ ഉപയോഗിക്കാവുന്നതുമായ ശുചിമുറികളുടെ ലൊക്കേഷൻ യാത്രികർക്കും വിനോദസഞ്ചാരികൾക്കുമായി ബന്ധിപ്പിച്ചുകൊണ്ട് ഒരു പൊതു ശുചിമുറി ശൃംഖല നിർമ്മിക്കാനായി രൂപകൽപ്പന ചെയ്തിട്ടുള്ള ഒരു നൂതന മൊബൈൽ ആപ്ലിക്കേഷനാണ് KLOO.

കേരള സർക്കാർ ശുചിത്വ മിഷനുമായി സഹകരിച്ചാണ് ഈ ആപ്പ് വികസിപ്പിക്കുന്നത്. പുതിയ നിർമ്മാണങ്ങളില്ലാതെ തന്നെ, സുരക്ഷിതവും ശുചിത്വവുമുള്ള ശുചിമുറി സൗകര്യങ്ങൾ എല്ലാവർക്കും പ്രാപ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം

KLOO വഴി, പൗരന്മാർക്ക് ഏറ്റവും അടുത്തുള്ള, ഉപയോഗിക്കാവുന്ന ശുചിമുറി കണ്ടെത്താനും, വൃത്തിയുടെ നിലവാരം റേറ്റു ചെയ്യാനും, ലൊക്കേഷൻ കൃത്യമായി അറിയാനും സാധിക്കും. പങ്കാളികളാകുന്ന സ്ഥാപനങ്ങൾക്ക്, പ്രചാരവും, സാമൂഹിക അംഗീകാരവും, കൂടുതൽ ഉപഭോക്താക്കളെയും ലഭിക്കുന്നു.

## KLOO പ്രവർത്തിക്കുന്നത് എങ്ങനെ?

- **ഉപയോക്താവിനുള്ള പ്രവേശനം (User Access)**: ആർക്കും ആപ്പ് തുറന്ന്, തത്സമയ വിവരങ്ങൾ (സ്ഥലം, തരം, തുറക്കുന്ന സമയം, വൃത്തിയുടെ റേറ്റിംഗുകൾ) മാപ്പ് ചെയ്തിട്ടുള്ള, ഏറ്റവും അടുത്തുള്ള ലഭ്യമായ ശുചിമുറികൾ കണ്ടെത്താൻ കഴിയും

- **പങ്കാളികളെ ചേർക്കൽ (Partner Onboarding)**: ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ എന്നിവ KLOO-വിൽ അവരുടെ ശുചിമുറികൾ രജിസ്റ്റർ ചെയ്യുന്നു. അവർ താഴെ പറയുന്ന വിവരങ്ങൾ നൽകണം:

- ശുചിമുറികൾ എല്ലാവർക്കുമായി തുറന്നിട്ടിട്ടുണ്ടോ അതോ ഉപഭോക്താക്കൾക്ക് വേണ്ടി മാത്രമാണോ.

- പ്രവർത്തന സമയം.

- ലിംഗഭേദപരമായ പ്രവേശനാനുമതിയും പ്രത്യേക സൗകര്യങ്ങളും (വികലാംഗ — സൗഹൃദം, ശിശു പരിപാലനം പോലുള്ളവ).

- **പരിശോധനയും ബ്രാൻഡിംഗും (Verification & Branding)**: പ്രാദേശിക സർക്കാരുകളോ ശുചിത്വ മിഷനോ പരിശോധിച്ച് ഉറപ്പിച്ച ശേഷം, സ്ഥാപനത്തിന് "KLOO പാർട്ണർ" സ്റ്റിക്കർ ലഭിക്കും. ഇത് ക്ലീൻ കേരള ഇനിഷ്യേറ്റീവിലെ പങ്കാളിത്തത്തെ സൂചിപ്പിക്കുന്നു.

* **ഉപഭോക്തൃ അഭിപ്രായം (User Feedback):** സന്ദർശകർക്ക് ശുചിത്വത്തെയും പരിപാലനത്തെയും റേറ്റുചെയ്യാൻ കഴിയും. ഇത് നിലവാരം നിലനിർത്താനും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന പങ്കാളികളെ പ്രോത്സാഹിപ്പിക്കാനും സഹായിക്കുന്നു

## ഹോട്ടലുകൾക്കും റെസ്റ്റോറന്റുകൾക്കുമുള്ള നേട്ടങ്ങൾ

* കൂടുതൽ ആളുകൾ എത്താനും ഉപഭോക്താക്കളെ നേടാനുമുള്ള സാധ്യത.
* പൊതുജനങ്ങൾക്കായി ശുചിമുറികൾ തുറന്നു കൊടുക്കുന്നത് സ്ഥാപനം സന്ദർശിക്കുന്ന ആളുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നു, പ്രത്യേകിച്ചും യാത്രക്കാർ, ഡെലിവറി ചെയ്യുന്നവർ, കുടുംബങ്ങൾ, വിനോദസഞ്ചാരികൾ എന്നിവരുടെ.
* സൗകര്യം ഉപയോഗിച്ച ശേഷം പല ഉപയോക്താക്കളും ഭക്ഷണപാനീയങ്ങൾ വാങ്ങാൻ സാധ്യതയുണ്ട്, ഇത് പരോക്ഷ വരുമാനം നൽകുന്നു.
* സൗജന്യ പ്രചാരവും ഡിജിറ്റൽ ദൃശ്യപരതയും (Free Publicity and Digital Visibility)
* പങ്കാളിത്ത സ്ഥാപനങ്ങളെ ഗഘഛഛ മാപ്പിൽ ഉൾപ്പെടുത്തുന്നത് ഓൺലൈൻ ദൃശ്യപരത വർദ്ധിപ്പിക്കുന്നു.
* നിങ്ങളുടെ ബിസിനസ്സ് ലൊക്കേഷൻ, ഫോട്ടോകൾ, പ്രവർത്തന സമയം എന്നിവ പ്രദർശിപ്പിച്ചുകൊണ്ട് ആപ്പ് ഒരു സൗജന്യ പ്രാദേശിക മാർക്കറ്റിംഗ് ഉപകരണം പോലെ പ്രവർത്തിക്കുന്നു.
* സി.എസ്.ആർ, പൊതു പ്രതിച്ഛായ മെച്ചപ്പെടുത്തൽ (CSR and Public Image Enhancement)
* പങ്കാളിത്തം നിങ്ങളുടെ ബിസിനസ്സിന്റെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR) പ്രൊഫൈൽ ശക്തിപ്പെടുത്തുന്നു .
* നിങ്ങളുടെ സ്ഥാപനം ഒരു ഉത്തരവാദിത്തമുള്ളതും, കമ്മ്യൂണിറ്റി സൗഹൃദമുള്ളതുമായ ബ്രാൻഡായി കണക്കാക്കപ്പെടുന്നു.
* സർക്കാർ അംഗീകാരവും പ്രത്യേക പരിഗണനയും (Government Endorsement and Recognition)
* KLOO പങ്കാളികൾക്ക് ശുചിത്വ മിഷനിൽ നിന്ന് ഔദ്യോഗിക അംഗീകാരം ലഭിക്കുന്നു.
* ഉയർന്ന റേറ്റിംഗ് ലഭിക്കുന്ന പങ്കാളികളെ മാധ്യമ കാമ്പെയ്നുകളിലും അവാർഡുകളിലും പ്രൊമോഷൻ മെറ്റീരിയലുകളിലും ഫീച്ചർ ചെയ്തേക്കാം.
* മെച്ചപ്പെട്ട ശുചിത്വ നിരീക്ഷണം (Improved Hygiene Monitoring)
* സ്ഥിരമായ ഉപയോക്തൃ ഫീഡ്ബാക്കും ആനുകാലിക പരിശോധനകളും ഉയർന്ന ശുചിത്വ നിലവാരം നിലനിർത്താൻ സഹായിക്കുന്നു.
* വൃത്തിയുള്ള റെസ്റ്റ് റൂമുകൾ ഉപഭോക്തൃ സംതൃപ്തി വർദ്ധിപ്പിക്കുകയും വീണ്ടും ബിസിനസ്സിന് വഴിയൊരുക്കുകയും ചെയ്യുന്നു.
* ടൂറിസത്തിന് ഉത്തേജനം (Tourism Boost)
* വിനോദസഞ്ചാരികൾ വൃത്തിയുള്ള പൊതു ശുചിമുറികൾക്ക് വലിയ പ്രാധാന്യം നൽകുന്നു, ഗഘഛഛ ഒരു യാത്രാ സൗകര്യ ആപ്പ് ആയി പ്രവർത്തിക്കുന്നു.

- KLOO-യിൽ ലിസ്റ്റ് ചെയ്തിട്ടുള്ള ഹോട്ടലുകളും റെസ്റ്റോറന്റുകളും ആഭ്യന്തര, അന്താരാഷ്ട്ര യാത്രക്കാർക്ക് ഇഷ്ടപ്പെട്ട ഇടത്താവളങ്ങളായി മാറുന്നു.
- ചെലവ് കുറഞ്ഞ പങ്കാളിത്തം (Zero or Minimal Cost Participation)
- KLOO നെറ്റ്‌വർക്കിൽ ചേരുന്നത് സാധാരണയായി സൗജന്യമാണ്, അല്ലെങ്കിൽ നാമമാത്രമായ ബ്രാൻഡിംഗ് ചെലവുകൾ മാത്രമേ ഉണ്ടാകൂ.
- വലിയ അടിസ്ഥാന സൗകര്യ നിക്ഷേപമില്ലാതെ പൊതു നന്മയ്ക്കായി സംഭാവന നൽകാൻ ഇത് ബിസിനസ്സുകളെ അനുവദിക്കുന്നു.

## എങ്ങനെ പങ്കാളിയാകാം ? (How to Onboard)

- രജിസ്റ്റർ ചെയ്യുക: ഗഘചരഛ പങ്കാളി പോർട്ടൽ വഴിയോ ശുചിത്വ മിഷൻ ഓഫീസ് വഴിയോ രജിസ്റ്റർ ചെയ്യുക.
- അടിസ്ഥാന വിവരങ്ങൾ സമർപ്പിക്കുക: പേര്, സ്ഥലം, കോൺടാക്റ്റ് നമ്പർ, ശുചിമുറിയുടെ തരം, ലഭ്യത, സൗകര്യങ്ങൾ എന്നിവ നൽകുക.
- പരിശോധന: പ്രാദേശിക ബോഡി ഉദ്യോഗസ്ഥർ ശുചിത്വവും പ്രവേശനക്ഷമതയും പരിശോധിക്കുന്നു.
- സജീവമാക്കൽ: അംഗീകരിച്ചാൽ, നിങ്ങളുടെ ശുചിമുറി ആപ്പിൽ ലൈവാകുകയും അടുത്തുള്ള ഉപയോക്താക്കൾക്ക് കാണാൻ കഴിയുകയും ചെയ്യും.
- ബ്രാൻഡിംഗ്: ആളുകൾക്ക് എളുപ്പത്തിൽ തിരിച്ചറിയാൻ കഴിയുന്നതിനായി ഗഘചരഛ പങ്കാളി സ്റ്റിക്കർ സ്വീകരിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുക.
- KLOO ആപ്പ് നഗര ശുചിത്വ പരിപാലനത്തിനായുള്ള ഒരു ദൂരവ്യാപകമായതും പ്രായോഗികവുമായ സമീപനത്തെയാണ് പ്രതിനിധീകരിക്കുന്നത്. പൊതു ആവശ്യകതയും സ്വകാര്യ അടിസ്ഥാന സൗകര്യങ്ങളും തമ്മിലുള്ള വിടവ് നികത്തി, ഇത് ഒരു സ്മാർട്ട്, സമഗ്രമായ, സുസ്ഥിരമായ ശുചിത്വ മാതൃകയ്ക്ക് ഉത്തമ ഉദാഹരണമാകുന്നു.

******